LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞങ്ങാട് നഗരത്തിലെ കെ.എസ്.ടി.പി. റോഡ് നിർമ്മാണം

179(2820) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാതയിൽ കെ.എസ്.ടി.പി. നടത്തുന്ന നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാതെ ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാഞ്ഞങ്ങാട് നഗരത്തിൽ കെ.എസ്.ടി.പി. റോഡ് നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 45% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പദ്ധതിയുടെ DPR-ൽ വിഭാവനം ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾകൂടി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശവാസികളും നഗരസഭാ പ്രതിനിധികളും ഉയർത്തിയ എതിർപ്പുമൂലമാണ് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നത്.

(ഡി) പ്രോജക്ടിന്റെ നിർമ്മാണ കാലാവധി അവസാനിക്കുന്ന 2016 ജൂൺ 30-ൻമുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം

180(2821) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലം എന്ന് തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?